# അക്കാദമിക മാസ്റ്റർപ്ലാൻ

2025

# സെന്റ് കുര്യാക്കോസ്

## യു. പി. സ്കൂൾ

മേൽപ്പാടം,

# <u>അക്കാദമിക മാസ്റ്റർപ്ലാൻ</u>

**<u>ആമുഖം</u>**

വീയപുരം പഞ്ചായത്തിലെ മേൽപ്പാടം ഗ്രാമത്തിൽ നാലാം വാർഡിൽ പമ്പാനദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ഒരു യു പി സ്കൂൾ ആണിത്. മേൽപ്പാടം സെന്റ് കുര്യാക്കോസ് ഓർത്തഡോക്സ് ചർച്ച് മാനേജ്മെന്റിലുള്ള ഈ സ്ഥാപനം 1936-ൽ സ്ഥാപിതമായി. സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നോക്കവസ്ഥയായിരുന്ന ഗ്രാമത്തിലെ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ലഭിക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ വിദ്യാലയം സ്ഥാപിച്ചത്.

പാവപ്പെട്ട കർഷകരും കർഷകത്തൊഴിലാളികളുടെയും കുട്ടികളാണ് അധികവും ഈ സ്കൂളിൽ പഠിച്ചിരുന്നത് ഇപ്പോഴത്തെ കുട്ടികളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം കഴിഞ്ഞ കാലത്തേക്കാൾ വളരെ അധികം ഉയർന്നിട്ടുണ്ട്.

**<u>നേട്ടങ്ങൾ</u>**

സബ്ജില്ലാതല ഗണിത ശാസ്ത്ര പ്രവർത്തിപരിചയ മേളകൾ, കലാത്സവം, കായിക മത്സരങ്ങൾ എന്നിവയിൽ കുട്ടികൾ നല്ല നിലവാരത്തിൽ എത്തിച്ചേർന്നിട്ടുണ്ട്.

## <u>മലയാളം</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1<br>ഭാഷയുടെ അടി സ്ഥാനശേഷി വികസനം ആശയ സംവേദനം നടത്താ ൻ പദസമ്പത്ത് വളർ ത്താനും പഠിതാ ക്കളെ പ്രാപ്തരാ കുക | പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര ങ്ങളിലൂടെ അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാള അധ്യാപകർ എച്ച് എം | രക്ഷിതാക്ക ൾ |
| | **<u>ഭാഷാകേളി</u>**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാള അധ്യാപകർ | രക്ഷിതാക്ക ൾ |
| | **<u>വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്</u>**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടേയും വാകചങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാള അധ്യാപകർ | |
| | **<u>വാർത്താ ലോകത്തേക്ക്</u>**<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ | | | |

# <u>മലയാളം</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2.<br>പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുക | പഠിതാക്കൾ വായിക്കുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസ വും | മലയാളം അധ്യാപകർ | |
| | **<u>വാർത്താ വായന</u>**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ് തലത്തിൽ വായന നടത്തി തിറഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്സ്, സ്കൂൾ ,,ലൈബ്രറി പുസ്തകങ്ങൾ എ എവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | സംവാദം / മുഖാമുഖം | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3.<br>സാഹിത്യ കൃതിക ളോടും സാഹിത്യ കാരോടുമുള്ള അനുകൂല മനോ ഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗ ശേഷി വളർ ത്തൽ | സാഹിത്യകാരന്മാർ എഴുത്തുകാർ, കഥാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തി ൽ രണ്ടു പ്രാവശ്യം | മലയാള അധ്യാപകർ എച്ച് എം | പിടിഎ |
| | ഇ. കമ്പ്യൂട്ടറിംഗ്<br>മുഴുവൻ കുട്ടികയും മലയാളം കമ്പ്യൂട്ട റിംഗ് പരിശീലിപ്പിക്കുകയും ഇ മാഗസി ൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ടുവർഷം | മലയാള അധ്യാപകർ | |
| 4.<br>മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും | മുഴുവൻ പഠിതാക്കളുടേയും സർഗ്ഗാത്മ രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷം അവസാനം | മലയാള അധ്യാപകർ | |
| 5.<br>പഠിതാക്കളു ടെ കലാവാസനക പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങി യവ സ്കൂൾ അസംബ്ലിയിൽ അവതരി പ്പിക്കാൻ അവസരം നൽകുന്നു വിദ ഗ്ധരായ നാടക കലാകാരന്മാരെയും മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു | അക്കാദമിക് വർഷാരംഭം | പിടിഎ | പിടിഎ |

| **മലയാളം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 6. കുട്ടികളുടെ ആകാശവാണി സെന്റ് കുറിയാ കോസ് എഫ് .എം അവതരണ മികവ് | **സെന്റ് കുറിയാക്കോസ് എഫ്.എം** വിശേഷ ദിവസങ്ങളും ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു പുസ്തക പരിചയം നടത്തുന്നു<br>ഓരോ ആഴ്ചയിലും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു | തുടക്കത്തിൽ ആഴ്ചയി ൽ ഒന്ന് പിന്നീട് എല്ലാ ദിവസവും | ക്ലാസ് ലീഡർ, സ്കൂൾ ലീഡർ, അധ്യാപകർ | വിവിധ ക്ലബ്ബജശറ്റ |

| **ഇംഗ്ലീഷ്** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1 ശരിയായി ഇംഗ്ലീഷ് ശ്രദ്ധിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend your Ear:- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Follow me if you can:- ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാൻ ഉള്ള പരിശീലനം നൽകുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News:- ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു | നവംമ്പർ | ഇംഗ്ലീഷ് അധ്യാപകർ | |
| | missing man:- അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷ ണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു തുടർന്ന് അധ്യാപിക യുടെ സംഭാഷണം നീക്കംചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾ പ്പിക്കുന്നു. അധ്യാപകരുടെ ഭാഗം മറ്റു കുട്ടികൾക്ക് അവതരിപ്പി ക്കാനുള്ള അവസരം ഒരുക്കുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |

| ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| | Meet the foreigner:- ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു | വർഷത്തിൽ ഒരുതവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | one man show:- ആശയം നൽകി ഇംഗ്ലീഷിൽ ഏക അഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2<br>ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | Too can:- വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder:- പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുപ്പ് കുറച്ചു വാക്കുകൾ ചാറ്റ് എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്ന വർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു | സെപ്റ്റം ബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder:- പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുപ്പ് കുറച്ചു വാക്കുകൾ ചാറ്റ് എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്ന വർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the month:- ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി റീഡർ ഓഫ് ദി മന്തിനെ ആദരിക്കുന്നു | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| 3<br>തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാ ക്കുന്നു | Alert zone:- സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | Run Baby Run:- ക്ലാസിന് ഗ്രൂപ്പുകൾ ആക്കുന്നു ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Me Grand Camp:- ഇംഗ്ലീഷ് പ്രാവണ്യമുള്ള രക്ഷിതാക്കളെ സമൂഹത്തിലെ മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു അഞ്ചാം ക്ലാസിനായി കഥ പറയൽ കഥയെഴുത്ത് ആറിന് റോൾേ[1] നാടകം എന്നിവ പ്രച്ഛന്ന വേഷമായി അവതരിപ്പിക്കുന്നു | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| 4<br>ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | Me Grand Camp:- ഇംഗ്ലീഷ് പ്രാവണ്യമുള്ള രക്ഷിതാക്കളെ സമൂഹത്തിലെ മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു അഞ്ചാം ക്ലാസിനായി കഥ പറയൽ കഥയെഴുത്ത് ആറിന് റോൾപ്ലേ നാടകം എന്നിവ പ്രച്ഛന്ന വേഷമായി അവതരിപ്പിക്കുന്നു | വർഷാവസാനം | പിടിഎ ഭാരവാഹികൾ രക്ഷിതാക്കൾ | |

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1<br>UP തലത്തിലെ എല്ലാം കുട്ടികൾക്കും അക്ഷരങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• ഓൺലൈൻ<br>• അക്ഷരമാല കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ | JUNE to AUGUST | അക്ഷര ചാർട്ട് പാഠ പുസ്തകം | BRC DIET SCERT (ആവശ്യമെങ്കിൽ) Resource teacher |
| | • വാക്കുകനിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം | JUNE to AUGUST | ഹിന്ദി നിഘണ്ടു | PTA, BRC |
| 2.<br>വീട് ഒരു പരീക്ഷണ ശാല കാണുന്നതും കേൾക്കുന്നതും ഉപ യോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക | SEPTEMBER to OCTOBER | | Resource Teacher |

| **ഹിന്ദി** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
| 3. ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകര ചലനങ്ങൾ വികസിപ്പിക്കാനു ള്ള അവസരം ( സുരിലി ഹിന്ദി ) | **ഹിന്ദി അസംബ്ലി**<br>• ദിനാചരണങ്ങൾ ( പ്രേത്യകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധിക വായന<br>• സാമഗ്രികൾ<br>• ചിത്രസഹായത്തോടെ<br>• ചിത്രകഥ തയ്യാറാക്കൽ<br>• ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | November to February | പുസ്തക ങ്ങൾ | BRC<br>DIET<br>PTA<br>SCERT |

| **സാമൂഹിക ശാസ്ത്രം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1. സാമൂഹ്യശാ സ്ത്ര ത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധി ക്കൽ നേടിയെടുക്കൽ. | **അകത്തട്ട് കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷം (ജൂൺ) | സാമൂഹ്യശാ സ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ,ഭൂപ്രകൃതികൾ, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാ സ്ത്ര അധ്യാപകർ | |
| 3. ജനാധിപത്യപരമാ യ ജീവിത സമീപനം രൂപപ്പെടുത്തുക. | **Virtual field trip**<br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാ സ്ത്ര അധ്യാപകർ, മാതാപിതാ ക്കൾ | |
| 4. പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തന ങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധ വാന്മാരാക്കുന്നു. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹികശ ാസ്ത്ര അധ്യാപകർ, അഗ്നി ശമനസേന ഉദ്യോഗസ്ഥർ | |

| സാമൂഹിക ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 5. സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാ ഹിപ്പിക്കുന്നു. | **നേർക്കാഴ്ച** : ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ് വെള്ള പ്പൊക്കം, ഉരുൾ പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളുടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർ ത്തന ങ്ങളിൽ ഏർപ്പെടുന്നത് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാ സ്ത്ര അധ്യാപകർ | |
| 6. വിവരവിനിമയെ സാങ്കേതികവിദ്യയു ടെ ദുരൂപയോഗങ്ങ ളെക്കുറിച്ചും ക്രിമിനൽ പ്രവർ ത്തനങ്ങളെക്കുറിച്ച ും റോഡ് സുരക്ഷ യെക്കുറിച്ചും വിദ്യാ ർത്ഥികളെ ബോധ വാന്മാരാക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം :**<br>പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച വിദ്യാർത്ഥി കൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയായ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസം ആകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാ സ്ത്ര അധ്യാപകർ, ക്ലബ്ബിന്റെ അംഗങ്ങൾ | |
| 7. സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാ സ്ത്ര അധ്യാപകർ | |
| 8. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **കാടെവിടെ മക്കളെ :**<br>(ഫീൽഡ് ട്രിപ്പ്, സർവേ)<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽകാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ,കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാ സ്ത്ര അധ്യാപകർ | |
| | **പുതുചക്രവാളത്തിലേക്ക്:**<br>സിവിൽ സർവീസ് പരീക്ഷകൾ എഴുതാ ൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതു ജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാ സ്ത്ര അധ്യാപകർ | |

| ഗണിതശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1.<br>അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശിൽപ്പശാല** :<br>കളി രീതിയിലൂടെ അടിസ്ഥന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്.. ഉപയോഗിക്കുന്നു ) | ജൂൺ മാസം | ഗണിത അധ്യാപ കൻ | |
| 2.<br>രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഒറിഗാമി ശിൽപ്പശാല ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ,പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപ കൻ | |
| 3.<br>ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനു സരണം | ഗണിത അധ്യാ പകരും ഗണി ത ക്ലബ്ബിലെ അംഗങ്ങളും | ഗണിത ക്ലബ്<br>പി ടി എ |
| 4.<br>ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്<br>പി ടി എ |
| 5.<br>ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ)<br>പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് തൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകൻ, ക്ലബ്ബ് ലീഡർമാർ | പി ടി എ |
| 6.<br>ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകൻ, | |
| 7.<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നകുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്** : ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആവശ്യാനു സരണം | ഗണിത അധ്യാപകനും സമർത്ഥരായ കുട്ടികളും | |

## ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8.<br>വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | | SRG | |

## അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.<br>ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൈവവൈവിധ്യ നിശാഗന്ധി പാർക്ക്**<br>ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം ശലഭോദ്യാനം,കുളം ജൈവവേലി മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ഊർജ്ജ ക്ലബ്ബ്,സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **കണ്ടറിയാൻ ഒരു യാത്ര**<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്ര അധ്യാപകർ ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്,ഹെൽത്ത് ക്ലബ് | |
| | **പരീക്ഷണക്കളരി** : നിത്യജീവിതത്തിൽ പരിചിതമായ വസ് തുക്കൾ ഉപയോഗ പ്പെടുത്തി രസകര മായ ലഘുപരീ ക്ഷണ ങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണ ങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ ഊർജ് ക്ലബ്ബ്,സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ് | |
| 2.<br>ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്തുള്ള കഴിവ് വർദ്ധിപ്പിക്കുക | **മാസ്റ്റർ മൈൻഡ്** : ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്,ശാസ്ത്ര ക്ലബ്ബ് ഇവയു ടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജ ക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരി പ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | സയൻസ് ക്ലബ്ബ് |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** : ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെ ത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോ ത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | പിടിഎ, സയൻസ് ക്ലബ്ബ് |

| അടിസ്ഥാന ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| | **ശാസ്ത്ര വിസ്മയചുമർ** : ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ സയൻസ് ക്ലബ് | പിടിഎ, സയൻസ് ക്ലബ്ബ് |
| | **മുഖാമുഖം**: ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യ ക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെ മിനാർ സംഘടിപ്പിച്ച പ്രബന്ധം തയ്യാറാ ക്കി അവതരിപ്പി ക്കാനുള്ള അവസരം നൽകുന്നു ശാസ്ത്ര ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | പിടിഎ, സയൻസ് ക്ലബ്ബ് |
| 3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ യുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തി നായി പ്രയോജ നപ്പെടുത്തുക | **യുറേക്കാ**: കുട്ടികളെ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | |
| | **വിസ്മയ യാത്ര** : ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയ ങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ,ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | |
| 4. പ്രതിഭാശാലികളാ യ വിദ്യാർ ത്ഥികളിൽ ഗവേഷണോ ത്സുകത വർദ്ധി പ്പിക്കൽ | **Atal Thinkering Laboratory** പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ആ ഗവേഷണത്തിന് വഴിയൊരുക്കുന്നു ത്രീഡി പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത ഫുള്ളറിങ് പോലുള്ള മൂലകങ്ങളും അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാനരൂപത്തിൽ കാണിച്ചു കൊടുക്കുന്നു. ഇലക്ട്രോണിക് റോബോട്ടിംഗ് സാധ്യത ഉപയോഗിച്ച് ഉപകരണങ്ങൾ നിർമ്മാണം. | | | |

| സംസ്കൃതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ഭൗതികം** | **പിന്തുണ** |
| 1.<br>ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ ്കൃതം.<br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | അക്ഷരം എഴുത്ത് ,<br>ചിഹ്നീ ഉറപ്പിക്കൽ<br>അക്ഷര കാർഡ്,<br>അക്ഷരമാല പ്രദർശനം<br>പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ – ഓഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠപുസ്ത കം ICT | PTA<br>റിസോഴ്സ്<br>അധ്യാപിക |
| 2<br>വായനാ ലോകം (കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ). | ലളിതമായ സംസ്കൃത ഭാഷ പുസ്തകങ്ങൾ നൽകുക. ഉറക്കെ വായിപ്പിക്കുക. | 6 മാസം | ലൈബ്രറി | റിസോഴ്സ്<br>അധ്യാപിക |
| 3<br>ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് | പെയിന്റിംഗ് ലൈബ്രറി ഒരുക്കുന്നു സൗകര്യപ്രദമായ ഇരിപ്പിടം ഒരു ക്കുന്നു. | | | |